**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3568** **27-06-2024 - ൽ മറുപടിയ്ക്ക്**

**ഹോർട്ടികോർപ്പ് മുഖേനയുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഹോർട്ടികോർപ്പ് മുഖേന എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയെന്നും പുതുതായി എന്തെല്ലാം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുവെന്നും വിശദമാക്കുമോ; | (എ) | **1. കേരളത്തിൽ ലഭ്യമല്ലാത്തതും ഉപഭോക്താക്കൾക്ക് അത്യന്താപേക്ഷിതവുമായ പച്ചക്കറികൾ മറ്റ് സംസ്ഥാനങ്ങളിലെ കർഷക കൂട്ടായ്മകളിൽ നിന്നും, മൊത്ത വ്യാപാരികളെ എംപാനൽ ചെയ്തും സംഭരിക്കുന്നു. ഇത്തരത്തിലുള്ള സംഭരണം കൂടുതൽ ശക്തമാക്കുന്നതിന്റെ ഭാഗമായി തമിഴ്നാട് കൃഷി വകുപ്പുമായി സഹകരിച്ച് തെങ്കാശി ജില്ലയിലെ 7 ഫാർമേഴ്സ് പ്രൊഡ്യൂസർ ഓർഗനൈസേഷൻ വഴി കർഷകരിൽ നിന്നും നേരിട്ട് പച്ചക്കറി സംഭരിക്കുന്നതിന് കരാർ ഒപ്പു വച്ച് സംഭരണം നടത്തി വരുന്നു.**<br><br>**2. തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രീമിയം സൂപ്പർ മാർക്കറ്റ് പ്രവർത്തനം ആരംഭിച്ചു.**<br><br>**3. ഇടുക്കി ജില്ലയിലെ കൊച്ചറയിൽ തേൻ സംഭരിക്കുന്നതിനും സംസ്കരിക്കുന്നതിനും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ തയ്യാറാക്കുന്നതിനുമുള്ള യൂണിറ്റ് നിർമ്മാണം പുരോഗമിച്ചു വരുന്നു. നാഷണൽ ബീ കീപ്പിംഗ് ആന്റ് ഹണി മിഷന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന ടി പദ്ധതി ഇടുക്കി ജില്ലയിലെയും സമീപ പ്രദേശങ്ങളിലേയും തേനീച്ച കർഷകർക്കും ആദിവാസി മേഖലയിൽ തേൻ സംഭരിക്കുന്നവർക്കും പ്രയോജനം ചെയ്യുന്ന പദ്ധതിയാണ്.**<br><br>**4. ആലപ്പുഴ ജില്ലയിലെ ചേർത്തലയിൽ തേനീച്ച വളർത്തലിന് ആവശ്യമായ ഉപകരണങ്ങളുടെ നിർമ്മാണ യൂണിറ്റിന്റെ പ്രവർത്തനം ആരംഭിച്ചു. നാഷണൽ ബീ കീപ്പിംഗ് ആന്റ് ഹണി മിഷന്റെ സാമ്പത്തിക സഹായത്തോടെ ഗുണനിലവാരമുള്ള തേനീച്ച കൂടുകളും തേനീച്ച വളർത്തൽ ഉപകരണങ്ങളും** |

തേനീച്ച കർഷകരിലേക്ക് എത്തിക്കുക എന്ന ഉദ്ദേശത്തോടുകൂടിയാണ് ഇത് ആരംഭിച്ചത്.

5. കർഷകർ, കർഷകകൂട്ടായ്മകൾ, എഫ്.പി.ഒ കൾ. തുടങ്ങിയവർ ഉൽപാദിപ്പിക്കുന്ന പഴം-പച്ചക്കറികൾ പ്രാഥമിക സംസ്കരണം നടത്തി ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനും പച്ചക്കറി ഉൽപ്പാദന മേഖലകളിൽ നിന്നും സംഭരിക്കുന്ന പച്ചക്കറികൾ കേടുകൂടാതെ മറ്റ് ജില്ലകളിൽ എത്തിക്കുന്നതിനുമായി 4 ഇന്റഗ്രേറ്റഡ് പാക്ക് ഹൗസ് RIDF , MIDH ഫണ്ട് വിനിയോഗിച്ച് തിരുവനന്തപുരം, തൃശ്ശൂർ, ഇടുക്കി, എറണാകുളം എന്നീ ജില്ലകളിൽ നിർമ്മിച്ചുവരുന്നു.

6. കെ.എസ്.ആർ.ടി.സി ഷോപ്പ് ഓൺ വീൽസ് മാതൃകയിൽ തിരുവനന്തപുരത്ത് രണ്ട് പച്ചക്കറി വിൽപ്പനശാലകൾ ആരംഭിച്ചു. .

7. കർഷകരിൽ നിന്നും പച്ചക്കറികൾ വിപണി വിലയേക്കാൾ 10% അധിക വില നൽകി സംഭരിക്കുകയും ഉപഭോക്താക്കൾക്ക് പച്ചക്കറികൾ 20-30% വരെ സബ്സിഡി നിരക്കിൽ ലഭ്യമാക്കുകയും ചെയുന്നു.

8. തേനീച്ച വളർത്തൽ പദ്ധതിയുടെ സംസ്ഥാന നോഡൽ എജൻസിയായ ഹോർട്ടികോർപ്പ് സംസ്ഥാനത്ത് തേനീച്ച വളർത്തൽ പരിശീലന പരിപാടികൾ നടത്തി വരുന്നു. മാവേലിക്കരയിൽ പ്രവർത്തിക്കുന്ന തേൻ സംസ്കരണ യൂണിറ്റ് കർഷകരിൽ നിന്നും ആദിവാസി മേഖലയിൽ നിന്നും തേൻ സംഭരിക്കുന്നു. നമ്മുടെ നാട്ടിൽ സുലഭമായി ലഭിക്കുന്ന പഴവർഗ്ഗങ്ങളായ ചക്ക, പൈനാപ്പിൾ, സ്ട്രോബറി എന്നിവയിൽ സംസ്കരിച്ച മൂല്യ വർദ്ധിത തേൻ ഉൽപ്പന്നങ്ങളും തേനിൽ ഉണക്കിയ ചക്കപഴം, പൈനാപ്പിൾ, കുമ്പളങ്ങഎന്നിവയും ഹോർട്ടികോർപ്പ് വിപണിയിലെത്തിച്ചു.

9. കണ്ണൂർ ജില്ലയിലെ ധർമ്മടം വേങ്ങാട് ഗ്ലോബൽ ഡയറി വില്ലേജ് പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന തേനീച്ച വളർത്തൽ പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി ഹോർട്ടികോർപ്പിനെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്.

10. കേന്ദ്ര സർക്കാർ സ്ഥാപനമായ കോക്കനട്ട് ഡവലപ്പ്മെന്റ് ബോർഡിന്റെ അംഗീകൃത തെങ്ങിൻ തോപ്പുകളിൽ നിന്നും ശേഖരിക്കുന്ന വിത്തുതേങ്ങകളും മുന്തിയയിനം കുള്ളൻ തെങ്ങിൻ തൈകളും കുറ്റിയാടിയിൽ നിന്ന് ശേഖരിച്ച വിത്തുതേങ്ങ ഉപയോഗിച്ച് WCT തെങ്ങിനങ്ങളും

തയ്യാറാക്കുന്നതിന് കോക്കനട്ട് നഴ്സറി സ്ഥാപിച്ചിട്ടുണ്ട്. ഈ വർഷം 10,000 ൽ പരം തെങ്ങിൻ തൈകൾ വിൽപ്പനക്കായി തയ്യാറാക്കിയിട്ടുണ്ട്.

11. രാസപദാർത്ഥങ്ങളും പ്രിസർവേറ്റീവ്സും അടങ്ങിയ പാനീയങ്ങൾ സംസ്ഥാനത്ത് വ്യാപകമായി വിൽപ്പന നടത്തുന്ന സാഹചര്യത്തിൽ ഇവയൊന്നുമില്ലാത്ത പാനിയമായി തേൻകോള ഹോർട്ടികോർപ്പ് വ്യാപിപ്പിക്കുകയാണ്. ശുദ്ധമായ തേൻ ഇഞ്ചിനീര്, നാരങ്ങാ നീർ എന്നിവ ചേർത്ത് നിർമ്മിക്കുന്ന തേൻ കോളയുടെ കോൺസൻട്രേറ്റും ഹോർട്ടികോർപ്പ് വികസിപ്പിച്ചിട്ടുണ്ട്.

12. സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന തേനീച്ച

കോളനികളുടെ ആവശ്യത്തെ പരിഗണിച്ച് ശാസ്ത്രീയമായി തേനീച്ച കൃഷി നടത്തുന്ന കർഷകരിൽ നിന്ന് തേനീച്ച കോളനികൾ ശേഖരിച്ച് വിതരണം ചെയ്യുന്നതിനായി സംസ്ഥാനത്തെ വിവിധ ജില്ലകളിൽ നിന്ന് സാറ്റലൈറ്റ് ബ്രീഡിങ് യൂണിറ്റുകളെ തെരഞ്ഞെടുത്തിട്ടുണ്ട്.

13. തേനും തേനുൽപ്പന്നങ്ങളും വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ലൈസൻസി വ്യവസ്ഥയിൽ മധുകണം ഷോപ്പുകൾ നൽകിവരുന്നു.

14. സംസ്ഥാനത്തിലെ 33,115 അംഗനവാടികളിലെ 5 ലക്ഷത്തോളം വരുന്ന കുട്ടികൾക്ക് നിശ്ചിത അളവിൽ ദിവസേന തേൻ നൽകുന്നതിനായി സാമൂഹിക വനിതാശിശു വികസന വകുപ്പുമായി സഹകരിച്ച് 58 ലക്ഷംരൂപയുടെ " തേൻ കണം" പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിന്റെ ആദ്യ ഘട്ടമായി 23.45 ലക്ഷം രൂപയുടെ പദ്ധതി പൂർത്തിയാക്കിയിട്ടുണ്ട്.

15. SHM -MIDH ഫണ്ടിംഗ് ഉപയോഗിച്ച് കേരളത്തിലുടനീളമുള്ള തേനീച്ച കർഷകർക്ക് പരിശീലനവും തേൻ അനുബന്ധ ഉപകരണങ്ങളും നൽകുന്നതിനായിയുള്ള പദ്ധതി പ്രകാരം തേനീച്ചകോളനികളുടെ വിതരണം നടന്നു വരുന്നു.

16. ആലപ്പുഴ ജില്ലയിൽ മാവേലിക്കരയിലുള്ള തേനീച്ച വളർത്തൽ പരിശീലന കേന്ദ്രത്തിൽ ഒരു ട്രെയിനിംഗ് ഹോസ്റ്റൽ നിർമ്മിക്കുന്നതിനും ചെറുതേനീച്ച കോളനികളുടെ വിതരണത്തിനുമായി 80 ലക്ഷം രൂപ അനുവദിച്ചു. ഇതിൽ തേനീച്ച കോളനികളുടെ വിതരണം പൂർത്തീകരിച്ചു. ഹോസ്റ്റലിന്റെ നിർമ്മാണം അന്തിമഘട്ടത്തിലാണ്.

17. മൂന്നാറിൽ ഹോർട്ടികോർപ്പിന് ലഭ്യമായ സ്ഥലത്ത് സ്റ്റോബറി കൃഷി നടത്തുകയും സന്ദർശകർക്ക് "പിക്ക് & പാക്ക് " സംവിധാനത്തിൽ സ്ട്രോബറി വിളവെടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്തു. ഈ സ്ഥലത്ത് ഫാം ടൂറിസം പദ്ധതി സ്ഥാപിച്ച് സഞ്ചാരികളെ ആകർഷിക്കുന്ന ഒരു ടൂറിസ്റ്റ് കേന്ദ്രമാക്കി മാറ്റുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. കൂടാതെ മൂന്നാറിൽ സ്റ്റോബറി പ്രോസസ്സിംഗ് യൂണിറ്റ് മുഖേന സ്റ്റോബറി പ്രിസർവ് ഉത്പാദിപ്പിച്ച് വിപണിയിൽ എത്തിച്ചു.

18. കോൾഡ് ചെയിൻ മാതൃകയിൽ സംഭരണം ശക്തമാക്കുന്നതിന് 185 ലക്ഷം രൂപയുടെ ഒരു പദ്ധതി ഇടുക്കി ജില്ലയിൽ ആരംഭിക്കുന്നതിനുള്ള നടപടി പുരോഗമിച്ചു വരുന്നു.

19. മുൻ വർഷം പച്ചക്കറിയുടെ വില വർദ്ധിച്ച സാഹചര്യത്തിൽ സംസ്ഥാനത്തുടനീളം കുറഞ്ഞ നിരക്കിൽ പച്ചക്കറി ലഭ്യത ഉറപ്പുവരുത്തുന്നതിനായി 24 വാഹനങ്ങൾ "പച്ചക്കറി വണ്ടി' എന്ന പേരിൽ സഞ്ചരിക്കുന്ന വിൽപ്പനശാലകളായി പ്രവർത്തനം ആരംഭിച്ച് പൊതുവിപണിയെക്കാൾ 20-30% വരെ വില കുറച്ച് വിൽപ്പന നടത്തി. " പച്ചക്കറിവണ്ടി" യുടെ സേവനം പഞ്ചായത്ത്/കോർപ്പറേഷൻ/മുൻസിപ്പാലിറ്റി എന്നിവിടങ്ങളിൽ ലഭ്യമാക്കുന്ന നടപടിയും ഹോർട്ടികോർപ്പ് സ്വീകരിക്കുകയും ചെയ്തു

20. മാവേലിക്കരയിൽ തേനും തേനനുബന്ധ ഉൽപ്പന്നങ്ങളും വിപണനം നടത്തുന്നതിന് "മധുകണം" ഔട്ട്ലെറ്റ് ആരംഭിച്ചു.

ഹോർട്ടികോർപ്പ് ഇനി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ താഴെപ്പറയും പ്രകാരമാണ് :

1. കർഷകരിൽ നിന്നും സംഭരിക്കുന്ന ഉൽപ്പന്നങ്ങൾക്ക് സമയബന്ധിതമായി വില ലഭ്യത ഉറപ്പാക്കുന്നതിനായി നെല്ല് സംഭരണ മാതൃകയിൽ ബാങ്കുകളുമായി സഹകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു

2. സംഭരണ, വിതരണ പ്രവർത്തനങ്ങൾ, വിലനിർണ്ണയം, ഇൻവെന്ററി മാനേജ്മെന്റ് മുതലായവയുടെ സുതാര്യവും കാര്യക്ഷമവുമായ നിരീക്ഷണം സാദ്ധ്യമാക്കുന്നതിന് സോഫ്റ്റ്വെയർ വികസിപ്പിക്കുന്നതിനുള്ള (MIS) നടപടികൾ സ്വീകരിച്ചുവരുന്നു

3. പഴം പച്ചക്കറി വിതരണത്തിനായി ശീതീകരണസംവിധാനത്തോടു കൂടിയ കോൾഡ് ഔട്ട്

| | | | |
|---|---|---|---|
| | | | ലെറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>4. മൂന്നാറിൽ ഫാം ടൂറിസം പദ്ധതി, ഫ്രൂട്ട് പ്ലാന്റ് നഴ്സറി എന്നിവ നടപ്പാക്കുന്നത് പരിഗണനയിലാണ്.<br><br>5. എയർപോർട്ട്; റെയിൽവെ സ്റ്റേഷൻ തുടങ്ങിയ സ്ഥലങ്ങളിൽ ഹണി ബങ്കുകൾ സ്ഥാപിച്ച് ഹോർട്ടികോർപ്പിന്റെ തേൻ, തേനധിഷ്ഠിത ഉൽപ്പന്നങ്ങൾ, ഹണികോള, തുടങ്ങിയവ വിപണനം ചെയ്യുന്നത് പരിഗണിച്ച് വരുന്നു.<br><br>6. ജില്ലാ സംഭരണ കേന്ദ്രങ്ങളിൽ റൈപ്പണിംഗ് ചേംബറിന്റെ നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>7. മാവലിക്കര ബീ കീപ്പിംഗ് സെന്ററിൽ ഒരു ബീ മ്യൂസിയം ആരംഭിക്കുന്നതിനും ലക്ഷ്യമിട്ടിട്ടുണ്ട്. |
| (ബി) | ഹോർട്ടികോർപ്പിന്റെ തഴക്കരയിലുള്ള തേനീച്ച വളർത്തൽ കേന്ദ്രത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (ബി) | 1. തേനീച്ച വളർത്തൽ പദ്ധതിയുടെ നോഡൽ എജൻസി കൂടിയായ ഹോർട്ടികോർപ്പ് സംസ്ഥാനത്ത് തേനീച്ചവളർത്തൽ വ്യാപനത്തിനായി പരിശീലന പരിപാടികൾ നടത്തി വരുന്നു.<br><br>2. മാവേലിക്കരയിൽ പ്രവർത്തിക്കുന്ന തേൻ സംസ്കരണ യൂണിറ്റ് കർഷകരിൽ നിന്ന് തേൻ സംഭരിച്ചുവരുന്നു. ആദിവാസി മേഖലയിൽ നിന്നും കാട്ടുതേൻ സംഭരിക്കുന്നു.<br><br>3. സംസ്ഥാനത്ത് തേനിന്റെ ഉപഭോഗം വ്യാപിപ്പിക്കുന്നതിനായി നമ്മുടെ നാട്ടിൽ സുലഭമായി ലഭിക്കുന്ന പഴവർഗ്ഗങ്ങളായ ചക്ക, പൈനാപ്പിൾ, സ്ട്രോബറി എന്നിവയിൽ സംസ്കരിച്ച മൂല്യ വർദ്ധിത തേൻ ഉൽപ്പന്നങ്ങളും തേനിൽ ഉണക്കിയ ചക്കപഴം, പൈനാപ്പിൾ, കുമ്പളങ്ങ എന്നിവയും ഹോർട്ടികോർപ്പ് വിപണിയിൽ എത്തിച്ചു.<br><br>4. മാവേലിക്കര തേനീച്ച വളർത്തൽ യൂണിറ്റ്, തേൻ സംസ്കരണ യൂണിറ്റ് തേനീച്ച ഉപകരണങ്ങളുടെ പ്രൊഡക്ഷൻ യൂണിറ്റ് എന്നിവയുടെ പ്രവർത്തനങ്ങൾ ആരംഭിച്ചു.<br><br>5. മാവേലിക്കരയിൽ തേനും തേനനുബന്ധ ഉൽപ്പന്നങ്ങളും വിപണനം നടത്തുന്നതിന് പുതിയ മധുകണം ഔട്ട് ലെറ്റ് ആരംഭിച്ചു.<br><br>6. രാസപദാർത്ഥങ്ങളും പ്രിസർവേറ്റീവ്സും അടങ്ങിയ പാനിയങ്ങൾ സംസ്ഥാനത്ത് വ്യാപകമായി വിൽപ്പന നടത്തുന്ന സാഹചര്യത്തിൽ ഇവയൊന്നുമില്ലാത്ത പാനിയമായി തേൻകോള ഹോർട്ടികോർപ്പ് |

| | | | |
|---|---|---|---|
| | | | **വ്യാപിപ്പിക്കുകയാണ്. ശുദ്ധമായ തേൻ ഇഞ്ചിനീര്,നാരങ്ങാ നീർ എന്നിവ ചേർത്ത് നിർമ്മിക്കുന്ന തേൻകോളയുടെ കോൺസൻട്രേറ്റും ഹോർട്ടികോർപ്പ് മാവേലിക്കരയിൽ വികസിപ്പിച്ചിട്ടുണ്ട്.** |
| (സി) | പ്രസ്തുത കേന്ദ്രത്തെ ഉന്നത നിലവാരത്തിൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | **മാവേലിക്കര ബീ കീപ്പിംഗ് സെന്റർ ഉന്നത നിലവാരത്തിൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.**<br>**1. തേനീച്ച വളർത്തൽ കർഷകർക്ക് ആവശ്യമായ പരിശീലന പരിപാടികൾ തുടർന്നു വരുന്നു**<br>**2. മാവേലിക്കര ബീ കീപ്പിംഗ് സെന്ററിൽ ഒരു ബീ മ്യൂസിയം ആരംഭിക്കുന്നതിനുള്ള പ്രവർത്തനം ലക്ഷ്യമിട്ടിട്ടുണ്ട്.**<br>**3. എയർപോർട്ട്; റെയിൽവെ സ്റ്റേഷൻ തുടങ്ങിയ സ്ഥലങ്ങളിൽ ഹണി ബങ്കുകൾ സ്ഥാപിച്ച് ഹോർട്ടികോർപ്പിന്റെ തേൻ, തേനധിഷ്ഠിത ഉൽപ്പന്നങ്ങൾ, ഹണികോള, തുടങ്ങിയവ വിപണനം ചെയ്യുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ